# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.ksad.kerala.gov.in**

# പുറമറ്റം ഗ്രാമപഞ്ചായത്ത് ഓഡിറ്റ് റിപ്പോർട്ട്

## 2023-2024

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം**
**പത്തനംതിട്ട-689645**

**ഇ-മെയിൽ: dopta.ksad@kerala.gov.in**
**ഫോൺ : 0468-2223691**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSAPTA/P8/739/2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645
തീയ്യതി: 30/07/2024
ഇ-മെയിൽ: dopta.ksad@kerala.gov.in
ഫോൺ: 0468-2223691

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പുറമറ്റം ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : പുറമറ്റം ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പുറമറ്റം ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ്

പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, പത്തനംതിട്ട.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSAPTA/P8/739/2024

തീയ്യതി: 30/07/2024

# പത്തനംതിട്ട ജില്ലയിലെ പുറമറ്റം ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പത്തനംതിട്ട ജില്ലയിലെ പുറമറ്റം ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2023 മുതൽ 31-03-2024 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 16 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 12 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമ്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട്

കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

# (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

## ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. അനിൽകുമാർ റ്റി. | ഡപ്യൂട്ടി ഡയറക്ടർ | 24-06-2024 | 02-07-2024 |

## ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 24-06-2024 | 02-07-2024 |

## ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി ഷീബാരാജ് റ്റി. എൽ., ഓഡിറ്റ് ഓഫീസർ
ശ്രീമതി സൂര്യപ്രഭ പി. സി., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി ആശാ എം. കുരുവിള, ഓഡിറ്റർ
ശ്രീമതി സിന്ധുമോൾ വി.എൻ., ഓഡിറ്റർ

# (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. വിനീത് കുമാർ | പ്രസിഡന്റ് | 01-04-2023 | 31-03-2024 |
| ശ്രീ. കെ.വി. രാധാകൃഷ്ണൻ നായർ | സെക്രട്ടറി | 01-04-2023 | 31-05-2023 |
| ശ്രീ. ഉണ്ണികൃഷ്ണൻ നായർ എൻ. | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-06-2023 | 19-07-2023 |

| | | | |
|---|---|---|---|
| ശ്രീ. സജീവൻ ആർ. | സെക്രട്ടറി | 20-07-2023 | 25-11-2023 |
| ശ്രീ. ഉണ്ണികൃഷ്ണൻ നായർ എൻ. | സെക്രട്ടറി-ഇൻ-ചാർജ്ജ് | 26-11-2023 | 31-03-2024 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. ഉണ്ണികൃഷ്ണൻ നായർ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2023 | 31-03-2024 |
| ശ്രീമതി ലക്ഷ്മി ജി. മോഹൻ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2023 | 03-10-2023 |
| ശ്രീമതി ദീപ | അസിസ്റ്റന്റ് എഞ്ചിനീയർ | 04-10-2023 | 31-03-2024 |
| ശ്രീമതി ലത മേരി തോമസ് | കൃഷി ഓഫീസർ | 01-04-2023 | 08-01-2024 |
| ശ്രീമതി മഞ്ചുഷ എൻ.എസ് | കൃഷി ഓഫീസർ | 09-01-2024 | 01-02-2024 |
| ശ്രീമതി സൂസൻ തോമസ് | കൃഷി ഓഫീസർ | 02-02-2024 | 19-03-2024 |
| ശ്രീമതി അഖില പാഹി | കൃഷി ഓഫീസർ | 20-03-2024 | 31-03-2024 |
| ഡോ. ശ്രീജിത് എൻ. ഭാസ്കരൻ | വെറ്റിനറി സർജൻ | 01-04-2023 | 31-03-2024 |
| ശ്രീമതി പ്രസന്നകുമാരി സി | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2023 | 31-07-2023 |
| ശ്രീമതി ലക്ഷ്മി മോഹൻ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-08-2023 | 31-03-2024 |

| | | | |
|---|---|---|---|
| ശ്രീ. രാജേഷ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2023 | 22-08-2023 |
| ശ്രീ.ജിജേഷ് വി.സി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 23-08-2023 | 22-09-2023 |
| ശ്രീമതി സോണിയ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 23-09-2023 | 31-03-2024 |
| ശ്രീ. സുനിൽകുമാർ കെ.യു | ഹെഡ് മാസ്റ്റർ | 01-04-2023 | 31-03-2024 |
| ശ്രീ. ഒബി ആർ. | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2023 | 31-03-2024 |
| ഡോ. ജിബി വർഗീസ് | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | 01-04-2023 | 31-03-2024 |
| ഡോ. ഷിജി പാപ്പച്ചൻ | മെഡിക്കൽ ഓഫീസർ, ആയുർവേദം | 01-04-2023 | 31-03-2024 |
| ശ്രീമതി ശിൽപ പ്രദീപ് | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 01-04-2023 | 31-03-2024 |

# ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | ആസ്തികളുടെ അക്കൗണ്ടിംഗ് കൃത്യമല്ല | 1-1-1 |
| 3 | സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല | 1-1-2 |
| 4 | ക്യാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ് - അക്കൗണ്ടിംഗ് കൃത്യമല്ല | 1-1-3 |
| 5 | വെള്ളക്കര കുടിശ്ശിക 28.43 ലക്ഷം രൂപ ബാധ്യതയായി അക്കൗണ്ട് ചെയ്തിട്ടില്ല | 1-1-4 |
| 6 | ജേണൽ വൗച്ചറുകളെ സാക്ഷ്യപ്പെടുത്തുന്ന രീതിയിൽ അനുബന്ധ രേഖകൾ ഇല്ല | 1-1-5 |
| 7 | ലെഡ്ജർ ബാലൻസുകളും രജിസ്റ്ററുകളും തമ്മിൽ പ്രതിമാസം പൊരുത്തപ്പെടുത്തൽ നടത്തുന്നില്ല | 1-1-6 |
| 8 | ബജറ്റ് | 1-2 |
| 9 | സാമ്പത്തിക നില | 1-3 |
| 10 | ഗ്രാന്റ് വിനിയോഗം | 1-4 |
| 11 | പദ്ധതി അവലോകനം | 1-5 |
| 12 | ദേശീയ തൊഴിലുറപ്പ് പദ്ധതി | 1-6 |
| 13 | ക്ഷേമ പെൻഷൻ | 1-7 |
| 14 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 15 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 16 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 17 | രസീത് ബുക്കുകളുടെ പരിപാലനം - അപാകതകൾ | 1-11 |
| 18 | വാടക പിരിവ് - അപാകങ്ങൾ | 1-12 |
| 19 | തൊഴിൽ നികുതി പിരിവ് കാര്യക്ഷമമല്ല | 1-13 |
| 20 | ലൈസൻസ് ഫീസ് പിരിവ് - അപാകതകൾ | 1-14 |
| 21 | വസ്തു നികുതി കുടിശ്ശിക പിരിച്ചെടുക്കാൻ അവശേഷിക്കുന്നു | 1-15 |
| 22 | കെട്ടിട നിർമ്മാണത്തിനുള്ള അപേക്ഷാ ഫീസ് കുറവായി ഈടാക്കി | 1-16 |

| | | |
|---|---|---|
| 23 | ഭരണസമിതിയോഗം - മിനിട്ട്സ് തയ്യാറാക്കുന്നതിൽ ചട്ടപ്രകാരമുള്ള സമയപരിധി പാലിക്കുന്നില്ല | 1-17 |
| 24 | പഞ്ചായത്തിന് വിട്ടുകിട്ടിയ ആയുർവ്വേദ ഡിസ്പെൻസറി അപകടാവസ്ഥയിൽ | 1-18 |
| 25 | ലൈഫ് ഭവന പദ്ധതി - ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തിയാക്കിയില്ല | 1-19 |
| 26 | മരാമത്ത് പ്രവൃത്തികളുടെ ബില്ലുകളിൽ നിന്നുള്ള റിക്കവറി തുക ബാങ്ക് അക്കൗണ്ടിൽ ശേഷിക്കുന്നു | 1-20 |
| 27 | ഇ-ടെണ്ടർ ഫീസ് - പഞ്ചായത്ത് ഫണ്ടിലേക്ക് വകമാറ്റിയില്ല | 1-21 |
| 28 | പാട്ടത്തിന് നൽകിയ പഞ്ചായത്ത് വക ഭൂമി അന്യാധീനപ്പെട്ടു | 1-22 |
| 29 | ഘടക സ്ഥാപനങ്ങൾക്കുവേണ്ടി വാങ്ങിയ കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും കൈമാറിയില്ല | 1-23 |
| 30 | സ്മാർട്ട് ഗാർബേജ് മോണിട്ടറിംഗ് സിസ്റ്റം പ്രവർത്തനക്ഷമമായില്ല | 1-24 |
| 31 | ഹെൽത്ത് ഗ്രാന്റ് വിനിയോഗം - അവലോകനം | 1-25 |
| 32 | ഡെപ്പോസിറ്റ് പ്രവൃത്തികളുടെ പൂർത്തീകരണ രേഖകളില്ല | 1-26 |
| 33 | ആയുഷ് ഹെൽത്ത് & വെൽനെസ്സ് സെന്റർ - ലഭ്യമായ 5 ലക്ഷം രൂപ നാളിതുവരെ വിനിയോഗിച്ചില്ല | 1-27 |
| 34 | ആസ്തി സംരക്ഷണ പദ്ധതിയില്ല; റോഡിതര മെയിന്റനൻസ് ഗ്രാന്റ് വിനിയോഗം മാർഗ്ഗരേഖ പ്രകാരമല്ല | 1-28-1 |
| 35 | റോഡിതര മെയിന്റനൻസ് ഗ്രാന്റ് ചെലവിന്റെ 45.5 ശതമാനവും മരുന്ന് വാങ്ങലിന് | 1-28-2 |
| 36 | റോഡിതര മെയിന്റനൻസ് ഗ്രാന്റ് വകമാറ്റി ചെലവഴിച്ചു | 1-28-3 |
| 37 | കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ മെയിന്റനൻസ് യഥാസമയം നടക്കുന്നില്ല | 1-28-4 |

| | | |
|---|---|---|
| 38 | മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിലുണ്ടായ പൊതുവായ അപാകതകൾ | 1-29 |
| 39 | വാങ്ങിയ കാടുവെട്ടൽ യന്ത്രങ്ങൾ നാളിതുവരെ ഉപയോഗിച്ചില്ല | 1-30 |
| 40 | ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ - 'കേരളത്തിലെ മാലിന്യ സംസ്കരണം ഹരിത കർമ്മസേനയിലൂടെ'- അവലോകനം | 1-31 |
| 41 | അനധികൃതമായി നിർമ്മിച്ച കെട്ടിടം ക്രമവൽക്കരിച്ചിട്ടില്ല | 1-32 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| --- No Records Found --- | | |
| **ഭാഗം 4** | | |
| 1 | സംയുക്ത പ്രോജക്കുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 4 | വായ്പ/വായ്പാതിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശങ്ങൾ | 4-7 |
| 8 | ചാർജ്/സർചാർജ് നടപടികളിലൂടെ നഷ്ടം ഈടാക്കിയതിന്റെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I. കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാനുവൽ ചാപ്റ്റർ 4.2.1 & 11. കേന്ദ്ര ഗവൺമെൻറ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പ അനുസരിച്ച് 16/05/24-ലെ 1(1) നമ്പർ കമ്മിറ്റി തീരുമാന പ്രകാരം പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള പുറമറ്റം മാർച്ച് 31-ന് അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31-03-2024 വരെയുള്ള ബ സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്ക പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അ എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റ് മാനദണ്ഡങ്ങളും C&AG ( രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗ നിർദ്ദേശ ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യാ ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എ മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്ത വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശേ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്ര വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവത ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അ നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെ അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേ സാക്ഷ്യപ്പെടുത്തുന്നു.

### വിശേഷണങ്ങളോടുകൂടിയ അഭിപ്രായ

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന് വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റു നിരീക്ഷണങ്ങ ഗ്രാമപഞ്ചായത്തിന്റെ 2023-24 വർഷത്തേക്കുള്ള വാർഷിക സ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സ ചിത്രം നൽകുന്നു.

പത്തനംതിട്ട ഡെപ്യൂട്ടി ഡ
30/07/2024

## 1-1-1 ആസ്തികളുടെ അക്കൗണ്ടിംഗ് കൃത്യമല്ല

ജി.ഒ.(എം.എസ്)നം.152/2011 തീ.26/07/2011-നം ഉത്തരവ് പ്രകാ
ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാല
പഞ്ചായത്തിന്റെ ആസ്തികളുടെ മൂല്യം വാർഷിക കണക്കിൽ
ഉൾപ്പെട്ടിട്ടുണ്ടോ എന്നത് ആധികാരികവും കാലികവുമായ
ഇല്ലാത്തതിനാൽ വ്യക്തമല്ല. വാർഷിക കണക്ക് പ്രകാരം ആസ്തിക
ഇൻഫ്രാസ്ട്രക്ചർ, എന്നിങ്ങനെ വർഗ്ഗീകരിച്ചിട്ടുണ്ടെങ്കിലും ഈ രീത
മാനദണ്ഡങ്ങളിലുള്ള ഡേറ്റാബേസ് പഞ്ചായത്തിൽ നിലവിലില്ല എ
ഷെഡ്യൂളുകളിൽ 31/03/2024-ലെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള ആസ്
മൂല്യത്തിന്റയും ആധികാരികതയും കൃത്യതയും വ്യക്തമല്ല.
**ഗ്രാമപഞ്ചായത്ത് വക ഭൂമിയുടെ മൂല്യവും അക്കൗണ്ട് ചെയ്തിട്ടില്ല**

പഞ്ചായത്തിന്റെ ആസ്തിവിവരങ്ങൾ എല്ലാം ക്രോഡീകരിച്ച
Register/Database) റോഡ് കണക്ടിവിറ്റി മാപ്പും പൂർത്തീകരിച്ച് ഓഡിറ്റിന് ല

## 1-1-2 സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേ

2023-24 സാമ്പത്തിക വർഷം ആരംഭത്തിൽ അക്രുവൽ വരവുക
ഡിമാന്റ് എൻട്രി അക്കൗണ്ട് ചെയ്തിട്ടില്ല.

കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2) ഡി അനുസര
കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റ് തുക (റെസിഡൻഷ്യ
വർഷാരംഭത്തിൽ ഡിമാന്റ് തുകയായി രേഖപ്പെടുത്തേണ്ടിയിരുന്ന
ചെയ്യപ്പെടുന്ന വസ്തുനികുതി ഉൾപ്പെടെയുള്ള, അക്രുവൽ അടിസ്ഥാ
പ്രതിമാസം തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്
നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ്
ചേർക്കേണ്ടിയിരുന്നതുമാണ്. ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ,
അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ
തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ
എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ
ചെയ്യേണ്ടതുമായിരുന്നു. "110100101-Property Tax On Residential Buiding"
"110100103-Property Tax On Non Residential Buiding" എന്ന ശീർഷക
പരിശോധിച്ചതിൽ നിന്നും 2023-24 സാമ്പത്തിക വർഷത്തെ
രേഖപ്പെടുത്തിയിരിക്കുന്നതായി കാണുന്നു. ഈ ഡിമാന്റ് എൻട്ര
വൗച്ചറുകളും ഇല്ല. സഞ്ചയ സോഫ്റ്റ്‌വെയറിൽ നിന്നും വർഷ
തുകയിലേക്ക് വാർഷികകണക്കിലെ തുക ക്രമീകരിക്കുന്ന രീതി
വരുത്തുന്നുമുണ്ട്. ആയതിനാൽ നിയമപ്രകാരമുള്ള റമിഷൻ, എഴ
സംബന്ധിച്ച് കണക്കുകളിൽ രേഖപ്പെടുത്തൽ ഇല്ലാതെ പോകുന്നു.

ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ വസ്തുനികുതി ഡിമാന്റ് നി
സമയത്ത് തന്നെ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും സഞ്ച

പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തി ആഭ്യന്തരന്
ഫലപ്രദമാക്കുന്നതിനും, ഡിമാന്റ് എൻട്രികൾക്ക് സാധുത നല്കുന്ന
രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്. മറ്റ് അ
ഡിമാന്റ് ഡേറ്റാ തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി
വർഷാരംഭത്തിൽ തന്നെ ഡിമാന്റ് എൻട്രി നടത്തേണ്ടതുമാണ്.

## 1-1-3 ക്യാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ് - അക്കൗണ്ടിംഗ

തൻവർഷം പാർട്ട് പേയ്മെന്റ് നൽകിയ തുകകൾ ക്യാപ്പിറ്റൽ വർക
അക്കൗണ്ട് ചെയ്തിട്ടില്ല.

| പ്രോജക്ട് | പാർട്ട് പേയ്മെ നൽകി തുക |
|---|---|
| 106/24 – ആയുർവേദ സബ്സെന്റർ നവീകരണം | 404 |
| 112/21 – പൊതു ശ്മശാനം- അറ്റകുറ്റപ്പണി | 247 |

## 1-1-4 വെള്ളക്കര കുടിശ്ശിക 28.43 ലക്ഷം രൂപ ബാധ്യത ചെയ്തിട്ടില്ല

കേരള വാട്ടർ അതോറിറ്റിയുടെ 2024 മാർച്ച് മാസത്തെ ഡിമാന്റ് നോ
പ്രകാരം പൊതു ടാപ്പുകളുടെ വെള്ളക്കരം ഇനത്തിൽ ഗ്രാമ
ഒടുക്കുവാനുണ്ട്. എന്നാൽ ഒടുക്കാൻ അവശേഷിക്കുന്ന തുക
ബാധ്യതയായി ഉൾപ്പെടുത്തിയിട്ടില്ല.

## 1-1-5 ജേണൽ വൗച്ചറുകളെ സാക്ഷ്യപ്പെടുത്തുന്ന രീ രേഖകൾ ഇല്ല

പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ 2011, ചട്ടം 7 പ്രകാരം ക്യാഷ
അക്കൗണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽബുക്കിര
ജേണൽ വൗച്ചറുകൾ ഉൾപ്പെടെ എല്ലാ വൗച്ചറുകൾക്കും ആധികാരി
വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ എന്നിവ സാക്ഷ്യപ്പെടുത്തി സൂക്ഷ
ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എൻട്രി
ഉദാഹരണമായി പ്രയർ പിരീഡ് ഇനങ്ങൾക്ക് വൗച്ചറുകളും വർക്ക്ഷീറ്റ

ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് ( ഐ-18, ഐ-19) പ്രകാരം P
എന്ന ശീർഷകത്തിൽ ഉൾപ്പെടുന്ന ലെഡ്ജറുകളിൽ ജേണൽ വൗച്ചർ
തുകകൾക്കും, വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും, 
അംഗീകരിക്കപ്പെട്ട വൗച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക്
വർക്ക്ഷീറ്റുകളോ സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ലെഡ്ജർ പ്രകാര
നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന

| ശീർഷകം | ലഡ്ജർ – നീക്ക |
|---|---|
| I-19, **Prior Period Income** | |
| Prior Period Income-Property Tax | |
| Prior Period Income-Profession Tax | |
| Prior Period Income-Other Income | |
| I-18, **Prior Period Expense** | |
| Prior Period Expense- Revenue Grants & Contribution | |
| Prior Period Expense- Programe Expense | |
| Prior Period Expense-Administrative Expense | |

## 1-1-6 ലെഡ്ജർ ബാലൻസുകളും രജിസ്റ്ററുകളും തമ്മിൽ പൊരുത്തപ്പെടുത്തൽ നടത്തുന്നില്ല

ആഭ്യന്തര നിയന്ത്രണ സംവിധാനത്തിന്റെ ഭാഗമായി ലെ ശീർഷകവുമായി ബന്ധപ്പെട്ട രജിസ്റ്ററുകളും തമ്മിൽ പ്രതിമാ നടത്തുന്നില്ല. പകരം വാർഷിക കണക്ക് പ്രകാരമുള്ള ഡിമാന്റ്, കള വർഷാന്ത്യത്തിൽ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തിയിരിക്കുന്നു ലൈസൻസ് ഡിമാന്റ് രജിസ്റ്ററുകൾ)

## 1-2 ബജറ്റ്

2023-24 വർഷത്തെ ബജറ്റ് ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ തീരുമാന പ്രകാരം അംഗീകരിച്ചു. 19.01.2024-ലെ 6(1)-ാം നമ്പർ തീര ബജറ്റും അംഗീകരിച്ചിട്ടുണ്ട്. ബജറ്റ് പ്രകാരമുള്ള വരവ് ചെലവ് വിവ പത്രിക (R&P), ഇൻകം & എക്സ്പെൻഡിച്ചർ പ്രകാരമുള്ള വരവ് ചെ ചേർക്കുന്നു.

| ഇനം | ബജറ്റ് | റസീറ്റ് & പേയ്മെന്റ് പത്രിക | ഇൻകം & എക്സ്പെ ൻഡിച്ചർ |
|---|---|---|---|
| മുന്നിരിപ്പ് | 11138933 | 12483058 | |
| വരവ് | 151373151 | 39882427 | |
| ആകെ | 162512084 | 52365485 | |
| ചെലവ് | 154230152 | 35290157 | |
| നീക്കിയിരിപ്പ് | 8281932 | 17075328 | |

ബജറ്റ് പ്രകാരം 16.25 കോടി രൂപയുടെ പ്രതീക്ഷിത വരവും 15.42 കേ ചെലവുമാണ് കണക്കാക്കിയത്. ഗ്രാമപഞ്ചായത്തിന്റെ 2022-23 എക്സ്പെൻഡിച്ചർ പത്രിക (I&E) പ്രകാരം വരുമാനം 8.49 കോടി ര രൂപയുമാണ്. 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ-214-(

പ്രകാരം ആവശ്യമായ മുന്നൊരുക്കം നടത്തി കഴിയുന്നത്ര വാസ്തവ തയ്യാറാക്കാൻ ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി ശ്രദ്ധിക്കേണ്ടതാണ്. ബ അംഗീകരിക്കുന്നതിന് നിയമപരമായ നടപടിക്രമങ്ങൾ എല്ലാം കൃ ഗ്രാമപഞ്ചായത്ത് ഭരണസമിതി ഉറപ്പാക്കേണ്ടതാണ്. കാര്യക്ഷമമായ വാർഷിക പദ്ധതിയുമായി ബന്ധപ്പെടുത്തിയ അനിവാര്യവും നിർവ്വഹണത്തിനും ഇതിലുൾപ്പെട്ട പ്രോജക്ടുകളുടെ സമയബന്ധ നിർവ്വഹണം ഉറപ്പാക്കുന്നതിനുമുള്ള ഒരുപാധി എന്ന പ്രയോജനപ്പെടുത്തുവാൻ സാധിക്കേണ്ടതുണ്ട്.

## 1-3 സാമ്പത്തിക നില

| ഇനം | റസീറ്റ് & പേയ്മെന്റ് പത്രിക പ്രകാരം | ഇൻകം എക്സ്പെ പത്രിക പ്ര |
|---|---|---|
| മുന്നിരിപ്പ് | 12483058 | |
| ഓഡിറ്റ് വർഷത്തെ വരവ് | 39882427 | |
| ആകെ വരവ് | 52365485 | |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 35290157 | |
| നീക്കിയിരിപ്പ് | 17075328 | |

## 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് (അലോട്ട്മെന്റ് ലഭിച്ചത്) | ആകെ | ചെലവ് | ന |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 9164000 | 9164000 | 7557010 | |
| വികസന ഫണ്ട്-എസ്.സി.പി | 0 | 4146000 | 4146000 | 4120926 | |
| വികസന ഫണ്ട്-ടി.എസ്.പി | 0 | 0 | 0 | 0 | |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്) | 1883310 | 1138000 | 3021310 | 451841 | |
| ധനകാര്യ കമ്മീഷൻ | 1440774 | 1608312 | 3049086 | 1832237 | |

| | | | | | |
|---|---|---|---|---|---|
| ഗ്രാന്റ് (അൺ-ടൈഡ്) | | | | | |
| മെയിന്ററനൻസ് ഗ്രാന്റ്- നോൺ-റോഡ് | 0 | 2338600 | 2338600 | 2306828 | |
| മെയിന്ററനൻസ് ഗ്രാന്റ്- റോഡ് | 0 | 5087350 | 5087350 | 1251099 | |
| ധനകാര്യ കമ്മീഷൻ-ഹെൽത്ത് ഗ്രാന്റ് (Support For Diagonostics) | 182238 | 694319 | 876557 | 482602 | |
| ധനകാര്യ കമ്മീഷൻ-ഹെൽത്ത് ഗ്രാന്റ് (Sub Centres To Health & Wellness Centres | 55785 | 304907 | 360692 | 258463 | |
| ശുചിത്വ മിഷൻ | 756389 | 629088 | 1385477 | 608586 | |
| ഐ.സി.ഡി.എസ് | 423284 | 670039 | 1093323 | 108851 | |
| MGNREGS | 3107 | 15547987 | 15551094 | 15551094 | |
| എൻ.എച്ച്.എം ഫണ്ട്(ആയുഷ്) | 0 | 500000 | 500000 | 0 | |

## ഗ്രാന്റ് സ്റ്റേറ്റ്മെന്റ് -അപാകതകൾ

1. സ്ഥാപനം ലഭ്യമാക്കിയ ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരവിൽ സ്രോതസ്സിൽ കുറവ് ചെയ്ത തുക ഉൾപ്പെട്ടിട്ടില്ല. ഇത് മൂലം ഗ്രാന്റ് സ്റ്റ നീക്കിയിരിപ്പും കൃത്യമല്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ട് | ഇനം(സ്രോതസ്സിൽ നിന്നും കുറവ് ചെയ്തത്) | വരവ ഉൾപ്പെ തുക |
|---|---|---|
| വികസന ഫണ്ട് - ജനറൽ | അങ്കണവാടി അധിക വേതനം | |
| വികസന ഫണ്ട് - ജനറൽ | ലൈഫ് മിഷൻ വായ്പ തിരിച്ചടവ് | |
| വികസന ഫണ്ട് – എസ്.സി.പി | ലൈഫ് മിഷൻ വായ്പ തിരിച്ചടവ് | |

2) സംസ്ഥാനാവിഷ്കൃത/കേന്ദ്രാവിഷ്കൃത ഫണ്ടുകളുടെ വിനിയോ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള കണക്കുകളും ബന്ധപ്പെട്ട രജിസ്റ്റർ പ്രകാരമ പൊരുത്തപ്പെടുന്നില്ല.

3) ധനകാര്യകമ്മീഷൻ ഗ്രാന്റ് - വാർഷിക ധനകാര്യപത്രിക, ഇ- പ്രകാരമുള്ള വരവ് ചെലവ് കണക്കുകൾ എന്നിവ തമ്മിൽ പൊരുത്ത

## 1-5 പദ്ധതി അവലോകനം

2023-24 സാമ്പത്തിക വർഷം അംഗീകാരം ലഭിച്ച പ്രോജക്കുകൾ നടപ്പാ താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്ത (എണ്ണം) |
|---|---|---|---|---|
| 156 | 73451420 | 91 | 39461904 | 65 |

വർക്കിംഗ് ഗ്രൂപ്പുകൾ തങ്ങളുടെ പരിധിയിൽ വരുന്ന വിഷയങ്ങളിൽ പ്രാധാന്യമുള്ള പ്രോജക്കുകൾ മുൻഗണനാ ക്രമത്തിൽ നിർ കമ്മിറ്റികളിലും വാർഷിക പദ്ധതി സംബന്ധിച്ച് വിശദമായ ചർ നിർവ്വഹണ ഉദ്യോഗസ്ഥർ ആവിഷ്കരിച്ചതും നടപ്പാക്കിയതുമായ പ്രോ ചുവടെ കൊടുക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | അവിഷ്കരിച്ച പ്രോജക്കുകൾ | നടപ്പിലാക്കിയ പ്രോജക്കുകൾ | അ |
|---|---|---|---|
| കൃഷി ഓഫീസർ | 9 | 9 | 293 |
| വെറ്ററിനറി സർജൻ | 9 | 8 | 154 |
| മെഡിക്കൽ ഓഫീസർ- പി.എച്ച്.സി | 10 | 8 | 268 |
| മെഡിക്കൽ ഓഫീസർ- ആയുർവേദം | 2 | 1 | 358 |
| സബ് ഇൻസ്പെക്ടർ -ഫിഷറീസ് | 1 | 1 | 120 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 16 | 14 | 322 |
| ഐ.സി.ഡി.എസ് സൂപ്പർ വൈസർ | 7 | 3 | 319 |
| ഹെഡ്മിസ്ട്രസ് | 5 | 5 | 385 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 1 | 1 | 400 |
| സെക്രട്ടറി | 40 | 21 | 113 |

| | | | |
|---|---|---|---|
| അസിസ്റ്റന്റ് സെക്രട്ടറി | 11 | 7 | 207 |
| അസിസ്റ്റന്റ് എഞ്ചിനിയർ | 45 | 13 | 161 |
| ആകെ | **156** | **91** | **734** |

## 1-6 ദേശീയ തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് |
|---|---|---|---|---|
| തൊഴിലാളികളുടെ കൂലി | 0 | 14717651 | 14717651 | 14717651 |
| ഭരണച്ചെലവ് | 3057 | 830336 | 833393 | 833393 |
| ആകെ | 3057 | 15547987 | 15551094 | 15551094 |

## 1-7 ക്ഷേമ പെൻഷൻ

| പെൻഷൻ ഇനം | *ഗുണഭോക്താക്കളു എണ്ണം* |
|---|---|
| വാർദ്ധക്യകാല പെൻഷൻ | 1470 |
| വിധവാ പെൻഷൻ | 416 |
| കർഷക തൊഴിലാളി പെൻഷൻ | 72 |
| മാനസിക/ശാരീരിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള പെൻഷൻ | 161 |
| അവിവാഹിതരായ 50 വയസ്സിന് മുകളിലുള്ള സ്ത്രീകൾക്കുള്ള പെൻഷൻ | 13 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രക പരിശോധന 27.06.2024, 3.30 Pm-ന് സ്ഥാപനത്തിലെ ഉത്തരവ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 13649 രൂപ (പ നാല്പത്തിയൊമ്പത്) നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം ഗ്രാമപഞ്ചായത്തിന്റ ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷ ശ്രദ്ധിക്കേണ്ട വിഷയങ്ങൾ ചുവടെ ചേർക്കുന്നു.

(1) ആസ്തി രജിസ്റ്ററിലെ ന്യൂനതകൾ പരിഹരിച്ച് കാലികമ വീഴ്ചയുണ്ടായിട്ടുണ്ട്. ആയത് പരിഹരിക്കേണ്ടതാണ്.

(2) ഗ്രാമപഞ്ചായത്തിൽ നിക്ഷിപ്തമായ പുറമ്പോക്ക് ഭൂമി സംരക്ഷിക്ക
ഭൂമി ഉപയോഗപ്രദമായ രീതിയിൽ സജ്ജമാക്കുന്നതിനുമായി അ
സംരക്ഷിക്കുന്നതിനുമായി സർവ്വേകല്ലുകൾ സ്ഥാപിക്കുന്നതിനും വേ
ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് പഞ്ചായത്ത് ഡയറക്ടർ
പ്രസ്തുത നിർദ്ദേശം പഞ്ചായത്ത് പാലിച്ചിട്ടില്ല. പുറമ്പോക്ക് ഉൾപ്പടെ പ
ഭൂമി അളന്നു തിട്ടപ്പെടുത്തി സംരക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീ

(3) സ്യൂട്ട് രജിസ്റ്ററിൽ ആവശ്യമായ എല്ലാ വിവരങ്ങളും (പരാതികക്ഷ
കേസിന്റെ സംക്ഷിപ്തം, ഹാജരാകുന്ന വക്കീൽ, കേസിന്റെ പുരോ
എന്നിവ ചേർത്ത് കൃത്യമാക്കി സൂക്ഷിക്കേണ്ടതാണ്.

(5) ജീവനക്കാർ സ്ഥലം മാറി പോകുമ്പോൾ ചുമതല യഥാവിധി കൈമ
ഓവർ രജിസ്റ്റർ സൂക്ഷിക്കുകയും ചെയ്യുന്നുണ്ടെന്ന് ഉത്തരവാദപ്പെട്ടവർ

(6) തെരുവ് വിളക്കുകൾക്കാവശ്യമായ ഇലക്ട്രിക് സാധനങ്ങ
കൃത്യതയോടെ സൂക്ഷിക്കേണ്ടതാണ്. ഇലക്ട്രിക്കൽ സാധനങ്ങൾ
(അൺസർവ്വീസബിൾ മെറ്റീരിയത്സിന്), സ്റ്റോക്ക് ഔട്ട് രജിസ്റ്ററും സൂക
പൊരുത്തപ്പെടുത്തേണ്ടതുമാണ്.

(7) സ്റ്റോക്ക് രജിസ്റ്ററിൽ എല്ലാ വാങ്ങലുകളും, വിതരണവും കൃത്യമായ
ഉറപ്പുവരുത്തേണ്ടതാണ്.

(8) ആഡിറ്റ് ഒബ്ജക്ഷൻ രജിസ്റ്റർ, ആഡിറ്റ് റിക്കവറി രജിസ്റ്റർ എന്നിവ
രേഖപ്പെടുത്തലുകളും വരുത്തി കാലികവും ആധികാരികവുമാക്കേണ

(9) ആഡിറ്റ് റിപ്പോർട്ടുകളിൽ തീർപ്പാക്കാൻ ആവശേഷിക്കുന
തീർപ്പാക്കുന്നതിന് സത്വര നടപടി സ്വീകരിക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റി ല ത |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 23.02.2018 | 2012-13 മുതൽ 2016-17 വരെ | |
| പെർഫോമൻസ് ഓഡിറ്റ് | 05.7.2022 | 1/2022 മുതൽ 3/2022 വരെ | |

## 1-11 രസീത് ബുക്കുകളുടെ പരിപാലനം - അപാകതക

2023-24 സാമ്പത്തിക വർഷം പഞ്ചായത്തിൽ നിന്ന് ജീവനക്കാര
ഉദ്യോഗസ്ഥർക്കും വിതരണം ചെയ്ത രസീത് ബുക്കുകളുടെ പരിശേ
അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. നിർവ്വഹണോദ്യോഗസ്ഥർക്ക് വിതരണം ചെയ്ത രസീത്
വർഷാവസാനം തിരികെ വാങ്ങി പഞ്ചായത്തിൽ സൂക്ഷിക്കുന്നില്ല (
9995, 10000).

2. ക്യാൻസൽ ചെയ്ത രസീതുകൾ സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നില്ല
നം.2,6,44,56,62).

3. സാമ്പത്തിക വർഷാവസാനം ഉപയോഗിക്കാതെ അവശേഷിക്കുന
ചെയ്തു സാക്ഷ്യപ്പെടുത്തിയിട്ടില്ല (ഉദാ.ബുക്ക് നം.9999 രസീത് നം.15 മുറ
രസീത് നം.32 മുതൽ 100 വരെ).

മേൽ സൂചിപ്പിച്ച അപാകങ്ങൾ തുടർവർഷങ്ങളിൽ
ശ്രദ്ധിക്കേണ്ടതാണ്.

## 1-12 വാടക പിരിവ് - അപാകങ്ങൾ

2023-24 സാമ്പത്തിക വർഷം ഗ്രാമപ്പഞ്ചായത്ത് വക 11 ക
നൽകിയിട്ടുള്ളത്. കടമുറികൾ വാടകയ്ക്ക് നൽകുന്നതുമായി ബന്ധ
എന്നിവ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേ

**ബൈലോ തയ്യാറാക്കിയിട്ടില്ല**

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ടിന്റെ 256-ാം വകുപ്പ്, 1995 ല
(ബൈലോകൾ ഉണ്ടാക്കാനുള്ള നടപടി ക്രമം) ചട്ടങ്ങൾ ചട്ടം 3 (5,6,7) പ്ര
നൽകുന്നതുമായി ബന്ധപ്പെട്ട് ബൈലോ തയ്യാറാക്കി നാളിതുവരെ ന
വാങ്ങിയിട്ടില്ല. അംഗീകൃത ബൈലോയുടെ അഭാവത്തിൽ വാടക
തുടങ്ങിയവ ഈടാക്കുന്നതിന്റെ നിയമപരമായ സാധുത ചോദ്യ
കടമുറികളുടെ വാടക പിരിവിനായി ബൈലോ തയ്യാറാക്കേ
വ്യവസ്ഥകൾ അനുസരിച്ച് മാത്രം പഞ്ചായത്തു വക കടമുറികൾ വാടക

**നിയമപ്രകാരം കരാർ ചമയ്ക്കുന്നില്ല**

കടമുറികൾ വാടകയ്ക്ക് എടുത്തിരിക്കുന്ന എല്ലാ വാടകക്കാ
കൃത്യമായ വ്യവസ്ഥകൾ ഉൾപ്പെടുത്തി കരാർ ചമയ്ക്കുന്നില്ല. കരാർ
വാടകക്കാരുടെ ഒപ്പു മാത്രമുള്ള ശൂന്യമായ മുദ്രപത്രം വാങ്ങി ഫയലി
ചെയ്യുന്നത്. കടമുറികൾക്ക് കേടുപാടുകൾ ഉണ്ടാകുകയോ, റ
കരാറുകാർ വീഴ്ച വരുത്തുകയോ ചെയ്താൽ ആവശ്യമായ നിയമ നടപ
ഇതുമൂലം ഗ്രാമപ്പഞ്ചായത്തിന് കഴിയാതെ വരും. ബൈലോ
വാങ്ങുന്നതിനും വ്യവസ്ഥകൾ ഉൾപ്പെടുത്തി കരാർ ചമ
സ്വീകരിക്കേണ്ടതാണ്.

## 1-13 തൊഴിൽ നികുതി പിരിവ് കാര്യക്ഷമമല്ല

ഗ്രാമപഞ്ചായത്തിന്റെ വളരെ പ്രധാനപ്പെട്ട ഒരു വരുമാന മാർഗ
തൊഴിൽ നികുതി അസ്സസ്സ് ചെയ്യുന്നതിനും ഡിമാന്റ് ചെയ്ത് ഈടാക്ക
നടപടികൾ പഞ്ചായത്തിന്റെ ഭാഗത്തുനിന്നും ഉണ്ടാവുന്നില്ല. തൊഴ
ബന്ധപ്പെട്ട് ഗ്രാമപഞ്ചായത്ത് സൂക്ഷിച്ചുവരുന്ന സ്ഥാപനങ്ങളുടെ
റിട്ടേണുകൾ, ഡിമാന്റ് രജിസ്റ്റർ മുതലായ രേഖകൾ പരിശോ
അപാകതകൾ താഴെ ചേർക്കുന്നു.

**1. ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കാൻ അവ**

താഴെപ്പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും 2023-24 ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.

| ക്രമ നം. | സ്ഥാപനം |
|---|---|
| 1 | എൻ.സി.എസ് ഫിനാൻസ്, വെണ്ണിക്കുളം |
| 2 | ഇളപ്പുങ്കൽ ആയുർവ്വേദ ആശുപത്രി, വെണ്ണിക്കുളം |
| 3 | എവരിഡെ സൂപ്പർമാർക്കറ്റ്, വെണ്ണിക്കുളം |
| 4 | കള്ള് ഷാപ്പ് ടി.എസ്. നം. 6 |
| 5 | കള്ള് ഷാപ്പ്, വാലാങ്കര |
| 7 | ക്ഷീര സഹകരണ സംഘം, പുറമറ്റം |
| 8 | എൻ.ആർ.ഇ.ജി.എസ്, പുറമറ്റം |
| 9 | അക്ഷയ ഇ സെന്റർ, പുറമറ്റം |
| 10 | അക്ഷയ ഇ സെന്റർ, വെണ്ണിക്കുളം |
| 11 | ബെസ്റ്റ് ഓവൻ ബേക്കറി, വെണ്ണിക്കുളം |
| 12 | മനു ജെനറൽ എഞ്ചിനീയറിംഗ് വർകസ് |
| 13 | ശാലോം ബേക്കറി, വെണ്ണിക്കുളം |
| 14 | ത്രിവേണി സൂപ്പർ മാർക്കറ്റ്, വെണ്ണിക്കുളം |
| 15 | സി.ഡി.എസ്, പുറമറ്റം |
| 16 | സപ്ലൈകോ സൂപ്പർ മാർക്കറ്റ്, വെണ്ണിക്കുളം |
| 17 | എ.വൺ ഫിനാൻസ്, വട്ടക്കോട്ടാൽ |
| 18 | മുത്തൂറ്റ് ഫിൻകോർപ്പ്, വെണ്ണിക്കുളം |
| 19 | തൃക്കയിൽ ദേവസ്വം ഓഫീസ് |
| 20 | സെന്റ്.തോമസ് തടിമില്ല്, വെണ്ണിക്കുളം |
| 21 | വയലോരം റെസ്റ്റോറന്റ് |
| 22 | മെഡിക്കൽ സെന്റർ ക്ലിനിക്, വെണ്ണിക്കുളം |
| 23 | വിൽസൺ മോട്ടോർ ഡ്രൈവിംഗ് സ്കൂൾ, വട്ടക്കോട്ടാൽ |
| 24 | റേഷൻ കടകൾ (11) |
| 25 | ബഥനി കോൺവെന്റ് പബ്ലിക് സ്കൂൾ, വെണ്ണിക്കുളം |

2. **<u>കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല</u>**

ഗ്രാമപഞ്ചായത്തിൽ 2023-24 സാമ്പത്തിക വർഷം പൊതുമരാമത്ത് കരാറുകാരിൽ നിന്നും രണ്ട് അർദ്ധ വർഷങ്ങളിലെയും തൊഴിൽ തൊഴിൽ നികുതി അടവാക്കാത്തവരുടെ പേര് വിവരങ്ങൾ ചുവടെ ചേ

1. മാത്യു കെ.ചാക്കോ

2. ജോൺ സി.തോമസ്
3. ജെ. ചാണ്ടി
4 .കെ.ജെ. ബിജു
5. അനിയൻ പിള്ള എ.എസ്.

ഓരോ അർദ്ധവർഷത്തിലും 60 ദിവസത്തിൽ കുറയാത്ത കാ ഇടപാടുകൾ നടത്തുന്ന ഏതൊരു സ്ഥാപനത്തിൽ നിന്നും, 6 തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെടുകയോ, പൊതുവാ ഏതെങ്കിലും ഉദ്യോഗം വഹിക്കുകയോ ചെയ്യുന്ന ഏതൊരാളിൽ ( ഈടാക്കേണ്ടതാണെന്ന് 1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 204 പഞ്ചായത്ത് രാജ് (തൊഴിൽനികുതി) ചട്ടങ്ങളിലെ ചട്ടം 3, 4 എ കരാറുകാർ മറ്റേതെങ്കിലും തദ്ദേശഭരണ സ്ഥാപനത്തിൽ ഒടുക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ഹാജരാക്കുവാൻ ആവ

3. <u>**അനവധി സ്ഥാപനങ്ങളിലെ തൊഴിലാളികളിൽ നിന്ന ഈടാക്കിയില്ല**</u>.

2023-24 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്തിൽ നിന്ന് ലൈസ സ്ഥാപനങ്ങളിലും രണ്ടോ അതിലധികം തൊഴിലാളികൾ ജോലി അപേക്ഷകളിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ടി സ്ഥാപനങ്ങളിലെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല. ഏതാനും ചേർക്കുന്നു.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് |
|---|---|
| 1 | തുണ്ടിയിൽ ഫ്യുവൽസ് 3/3 |
| 2 | വെണ്ണിക്കുളം ഫ്യുവൽസ് 7/1/A |
| 3 | ഗ്യാലക്സി സൈൻ, വെണ്ണിക്കുളം 6/352, 3 C |
| 4 | സ്വാസ്ഥ്യാ ആയുർമഠം, പുറമറ്റം 2/391 E |
| 5 | മെർലിൻ സർവ്വീസ് സെന്റർ, മുതുപാ 6/173/A |
| 6 | അനിമാലിയ ഫാർമസ്യൂട്ടിക്കൽസ്, മുണ്ടമല 10/76, 78,79 |
| 7 | അലാനെക്സ് ഇൻഡസ്ട്രീസ്, വെണ്ണിക്കു 6/203 A |
| 8 | ഐശ്വര്യ സിറാമിക്സ് 5/178 |
| 9 | മൈക്രോലാബ് വെണ്ണിക്കുളം 3/332 A |

തൊഴിൽ നികുതി ഈടാക്കുന്നതു സംബന്ധിച്ച് വിശദീകരണം

നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (5/28.06.2024) മറുപടി ലഭ്യമാ
ഈടാക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിച്ച് വിവരം ഓഡി
വിഷയത്തിൽ ധനകാര്യ സ്റ്റാൻറിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു

## 1-14 ലൈസൻസ് ഫീസ് പിരിവ് - അപാകതകൾ

കേരള പഞ്ചായത്ത് രാജ് നിയമം 232-ാം വകുപ്പ്, 1996-ലെ (ഫാക്ടറികൾക്കും വ്യാപാര സ്ഥാപനങ്ങൾക്കും സംരംഭക സേവനങ്ങൾക്കുമുള്ള ലൈസൻസ് നൽകൽ) ചട്ടങ്ങൾ എന്നിവ അനുമതിയില്ലാതെ മേൽ ചട്ടത്തിലെ പട്ടികയിൽ ഉൾപ്പെടുത്തിയ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കാൻ പാടില്ല. പരിശോധന വർഷത്തെ ട്രേഡേഴ്സ് ലിസ്റ്റ് പ്രകാരം പഞ്ചായത്ത് പരിധിയിൽ 267 എന്നാൽ ലൈസൻസ് രജിസ്റ്റർ, അപേക്ഷകൾ എന്നിവ പ്രകാരം ലൈസൻസ് അനുവദിക്കുകയോ പുതുക്കി നൽകുകയോ ചെയ്തിട്ട ഇനത്തിൽ ലഭിച്ചിട്ടുള്ള ആകെ വരവ് 160400 രൂപയാണ്. ലൈസൻസ് അ കണക്കും ട്രേഡേഴ്സ് ലിസ്റ്റ് പ്രകാരമുള്ള സ്ഥാപനങ്ങളുടെ കണക്കും ത അതിനാൽ ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതായ സോഫ്റ്റ്‌വെയറിലെ കണക്കുകൾ പ്രകാരം വാണിജ്യം, ഉപയോഗക്രമങ്ങളിലായി 13 വാർഡുകളിലായി 1084 കെട്ടിട പരിധിയിൽ നിലവിലുള്ളത്.

2023-24 സാമ്പത്തിക വർഷത്തെ ഡിമാന്റ് രജിസ്റ്റർ, പരിശോധിച്ചതിന്മേലുള്ള നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു.

I. ഗ്രാമപഞ്ചായത്തിൽ നിന്നും ലൈസൻസ് എടുത്ത ഭൂരിഭാഗം ലൈസൻസ് അപേക്ഷയിൽ പ്രസ്തുത സ്ഥാപനങ്ങൾ ഉൽപാദനം, സേ ഏതിലാണ് ഉൾപ്പെടുന്നതെന്നോ മൈക്രോ, മിനി, സ്മാൾ, മീഡിയം, ഏതാണെന്നോ, മൂലധന നിക്ഷേപത്തിന്റെ വിവരങ്ങളോ ഉൾപ്പെട സ്വീകരിക്കുന്ന സമയത്തുതന്നെ അവ പൂർണ്ണമാണോ എന്ന് പരിശോ തുടർ നടപടികൾ സ്വീകരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. പല അ ക്ലർക്കിന്റെ അന്വേഷണ റിപ്പോർട്ടും മേലുദ്യോഗസ്ഥന്റെ ശു അംഗീകാരവും രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തിയിട്ടില്ല. ഉദാ. ചുവടെ

1. എ.&എ. ട്രേഡേഴ്സ്, വെണ്ണിക്കുളം 5/185 A

2. എ.കെ. റബേഴ്സ്, വെണ്ണിക്കുളം 8/258

3. അമ്മാ ഏജൻസീസ്, പുറമറ്റം 13/71

4. ബെന്നി ട്രേഡേഴ്സ് 8/27

5. മഹിമാ ഗ്യാസ് ഏജൻസീസ്, പുറമറ്റം 12/77

6. മാമാസ് അഗ്രോമാർട്ട്, പുറമറ്റം 13/168

7. മരിയൻ ഹോളിഡെയ്സ് 3/90

II. ഗ്രാമപഞ്ചായത്തിൽ നിന്നും 2023-24 സാമ്പത്തിക വർഷം ലൈസ വരുന്ന പെട്രോൾ പമ്പുകളിലെ ലൈസൻസ് അപേക്ഷകളിൽ രേഖപ്പെ നിക്ഷേപ തുകയുടെ കൃത്യത വിലയിരുത്താതെയാണ് ലൈസൻസ്

ഉദാഹരണമായി തുണ്ടിയിൽ ഫ്യൂവൽസ് എന്ന പേരിലുള്ള പെ
അപേക്ഷയിൽ 150000 രൂപയാണ് മൂലധന നിക്ഷേപമായി ❘
(ഈടാക്കിയ ലൈസൻസ് ഫീസ് 2000 രൂപ). അപേക്ഷയോടൊപ്പം
ബോർഡിന്റെ എൻ.ഒ.സി. ലഭ്യമാക്കിയിട്ടില്ല. ലൈസൻസ് അപേ
മൂലധന നിക്ഷേപത്തിന്റെ കൃത്യത ഉറപ്പാക്കാതെയാണ
ഈടാക്കിയിരിക്കുന്നത്. പെട്രോൾ പമ്പുകളുടെ മൂലധന നിക്ഷേ
വിലയിരുത്തി ലൈസൻസ് ഫീസ് ഈടാക്കുന്നതിന് നടപടി സ്വീകരിക്ക

III. ഗ്രാമ പഞ്ചായത്ത് പരിധിയിലുള്ള 11 റേഷൻ കടകളിൽ നിന്നും ലൈ
ചെയ്ത് ഈടാക്കിയിട്ടില്ല. ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും മറ്റ് സേ
നൽകൽ ചട്ടങ്ങളിൽ, ലൈസൻസ് ആവശ്യമായ സ്ഥാപനങ്ങള
പൊതുവിതരണ വകുപ്പിന്റെ പൊതു വിതരണ സമ്പ്രദായത്തിന്റെ ഭ
ഡിപ്പോകളേയും ഉൾപ്പെടുത്തിയിട്ടുണ്ട്. നിലവിലെ ചട്ടങ്ങൾ പ്രക
ഡിപ്പോകളെ തൊഴിൽനികുതി, ലൈസൻസ് ഫീസ് എന്നിവ ഒടുക്കുന്ന
സാധിക്കില്ലെന്ന് സിവിൽ സപ്ലൈസ് ഡയറക്ടർ (കത്ത് നം. സി.എസ്
വ്യക്തമാക്കിയിട്ടുണ്ട്. എല്ലാ റേഷൻഡിപ്പോകളിൽ നിന്നും ലൈസൻ
എന്നിവ ഈടാക്കേണ്ടതാണ്.

മേൽ അപാകങ്ങൾക്ക് വിശദീകരണം ആരാഞ്ഞുകൊണ്ട് നൽകിയ
(നം.14/02.07.2024) മറുപടി ലഭ്യമാക്കിയില്ല.

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നതും, ചട്ട പ്രകാരം ലൈസ
എല്ലാ സ്ഥാപനങ്ങളെയും ലൈസൻസ് പരിധിയിൽ കൊണ്ടു വരികയു
പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ നിയമാനുസൃത തുടർ നടപ
ചെയ്യേണ്ടതാണ്. വാർഡ് തലത്തിൽ വസ്തുനികുതി പിരിവ് നടത്തു
വാർഡുകളിൽ പ്രവർത്തിക്കുന്ന വാണിജ്യ സ്ഥാപനങ്ങളെല്ലാം തന്നെ
ഉൾപ്പെടുന്നുവെന്ന് ഉറപ്പാക്കേണ്ടതും, ആയതിന്റെ അടിസ്ഥാന
തയ്യാറാക്കേണ്ടതും, ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന വ
കണ്ടെത്തുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-15 വസ്തു നികുതി കുടിശ്ശിക പിരിച്ചെടുക്കാൻ അവ

ഗ്രാമപഞ്ചായത്തിന്റെ പ്രധാന നികുതി വരുമാനമാണ് വസ്തുനി
വർഷത്തെ വസ്തു നികുതി പിരിവ് 96% ആണ്. പഞ്ചായത്തിൽ മൊബൈ
ഗാർഹികേതര കെട്ടിടങ്ങൾ എന്നിവയുടെ വസ്തു നികുതി കുടിശ്
അവശേഷിക്കുന്നു.

1. മൊബൈൽ ടവറുകളുടെ വസ്തു നികുതി കുടിശ്ശിക ഈടാക്കാൻ അന

മൊബൈൽ ടവറുകളുടെ വസ്തു നികുതി കണക്കുകൾ സഞ്ചയ സോ
പരിശോധിച്ചപ്പോൾ താഴെ പറയുന്ന ടവർ ഉടമകൾ കുടിശ്ശിക വരുത്തി

| ക്രമ നം. | കെട്ടിട നം. | ഉടമയുടെ പേര് വിവരം | കു |
|---|---|---|---|
| | | | |

| | | | |
|---|---|---|---|
| 1 | 3/187/A | ഇൻഡസ് ടവേഴ്സ് ലിമിറ്റഡ്, വെണ്ണിക്കുളം | 1 |
| 2 | 3/262/A | ബി.എസ്.എൻ.എൽ, വെണ്ണിക്കുളം | |
| 3 | 3/499/A | റിലയൻസ് കമ്മ്യൂണിക്കേഷൻ ലിമിറ്റഡ് | |

2. <u>സർക്കാർ കെട്ടിടങ്ങളുടെ വസ്തുനികുതി ഈടാക്കാൻ അവശേഷിക്കു</u>

വസ്തുനികുതി കുടിശ്ശികയാക്കിയിട്ടുള്ള സർക്കാർ കെട്ടിടങ്ങളുടെ വി

| ക്രമ നം. | കെട്ടിട നം. | ഉടമയുടെ പേര് വിവരം | ക തു |
|---|---|---|---|
| 1 | 3/372 | അസി.എഞ്ചിനീയർ, വെണ്ണിക്കുളം (PWD) | |
| 2 | 3/412 | അസി.എഡ്യൂക്കേഷൻ ഓഫീസർ, വെണ്ണിക്കുളം | |
| 3 | 3/150/I | പ്രിൻസിപ്പൽ, എം.വി.ജി.എം. ഗവ.പോളിടെക്നിക് കോളജ്, വെണ്ണിക്കുളം | |
| 4 | 3/150/J | പ്രിൻസിപ്പൽ, എം.വി.ജി.എം. ഗവ.പോളിടെക്നിക് കോളജ്, വെണ്ണിക്കുളം | |
| 5 | 150/F | പ്രിൻസിപ്പൽ, എം.വി.ജി.എം. ഗവ.പോളിടെക്നിക് കോളജ്, വെണ്ണിക്കുളം | |

3. ഗാർഹിക/ഗാർഹികേതര വസ്തുനികുതി ഇനത്തിൽ ഗണ്യമായ തുക ഏതാനും വ്യക്തികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | കെട്ടിട നം. | ഉടമയുടെ പേര് വിവരം |
|---|---|---|
| 1 | 6/322/A,B,C | കെ.ആർ ചന്ദ്രൻ, ചന്ദ്ര വിലാസത്ത്, പടുതോട് |
| 2 | 13/127/A | ഹാരിൻ തോമസ്, ഗ്ലാരിൻ തോമസ്, പാരുമണ്ണിൽ, പുറമറ്റം |
| 3 | 3/20 | മറിയാമ്മ, തുണ്ടിയിൽ, വെണ്ണിക്കുളം |
| 4 | 2/92 | സെന്റ്.തോമസ് മാർത്തോമാ ചർച്ച് പാരീഷ് ഹാൾ |
| 5 | 11/282 /A | ദീപ്തി ജോൺ തോമസ്, പഴയപുരയ്ക്കൽ, മുണ്ടമല |

| | | |
|---|---|---|
| 6 | 6/172/A | വത്സമ്മ തോമസ്, കല്ലോലിക്കൽ, നാരകത്താനി, പടുതോട് |
| 7 | 6/314 | ഷാജി, കാരുവള്ളിൽ കച്ചിറക്കൽ, വെണ്ണിക്കുളം |
| 8 | 10/66/B | സോമശേഖരൻ നായർ, പുതുപ്പറമ്പിൽ, കവുംങ്ങുംപ്രയാർ |
| 9 | 13/444, 445, 445 A,445 B | കെ.സി.തോമസ്, കണിക്കാട്ടു വരിക്കാപ്പള്ളിൽ, പുറമറ്റം |
| 10 | 11/280/A | തോമസ് കലമണ്ണിൽ പൊയ്കയിൽ, മുണ്ടമല |
| 11 | 11/340/A | തോമസ് ജോൺ, അങ്കമാലിൽ, പുറമറ്റം |
| 12 | 11/337 | സോണി ജേക്കബ്, പുളിമൂട്ടിൽ, കുമ്പനാട് |
| 13 | 11/374 | വർഗ്ഗീസ് കെ.മാത്യൂസ്, കരിമാലത്ത്, കുമ്പനാട് |
| 14 | 13/328/A | തോമസ് മാത്യു, മൂലമണ്ണിൽ, വെണ്ണിക്കുളം |
| 15 | 3/402 | കുഞ്ഞമ്മജോൺ, കാടുവെട്ടൂർ, വെണ്ണിക്കുളം |
| 16 | 3/452 | കെ.പി.രഘുനാഥൻ, കൊച്ചുഴത്തിൽ ഗോകുലം, വെണ്ണിക്കുളം |
| 17 | 3/495 | സജി ചാക്കോ, കുഴിവേലിൽ, വെണ്ണിക്കുളം |
| 18 | 3/508 | കെ.എം.വർഗ്ഗീസ്, വെണ്ണിക്കുളം |
| 19 | 3/408 | രാജേഷ് പി., തടത്തേൽ , വെണ്ണിക്കുളം |
| 20 | 5/138/A | നസീർ റാവുത്തർ, പ്ലാംചുവട്ടിൽ മലയിൽ, പടുതോട് |
| 21 | 5/413 | കെ.എം.മാത്യു/ സിൽവി മാത്യു, അശിഷം അട്ടശ്ശേരിൽ, പടുതോട് |
| 22 | 5/419 | രാജീവ് ജി, കൊടിത്രയം, പടുതോട് |
| 23 | 10/129/A | പി.എം. മാത്യു, പുളിമൂട്ടിൽ എബനേസർ, മുണ്ടമല |
| 24 | 10/257/A | ഷീലാ തോമസ്, കടയ്ക്കാമണ്ണിൽ കിഴക്കേതിൽ, മുണ്ടമല |
| 25 | 10/329/A | മാത്യു ജോസഫ്/ജാനി മാത്യു, ഊരിയക്കുന്നത്ത്, മുണ്ടമല |

| | | |
|---|---|---|
| 26 | 3/179 | ജോർജ്ജ് വർഗ്ഗീസ്, അങ്ങാടിപ്പാട്ട്, വെണ്ണിക്കുളം |
| 27 | 13/346/A | തോമസ് ജോസഫ്, പുരയ്ക്കൽ കാലായിൽ, പുറമറ്റം |

വസ്തു നികുതി കുടിശ്ശിക പൂർണ്ണമായി പിരിച്ചെടുക്കാതിരുന്നതിന് റ ഓഡിറ്റ് എൻക്വയറി (നം.12/02.07.2024) നല്കിയിരുന്നു. മൊബൈൽ ടവ വെണ്ണിക്കുളം (PWD), അസി.എഡ്യൂക്കേഷൻ ഓഫീസർ വെണ്ണിക്കുളം പ കുടിശ്ശിക ഈടാക്കുന്നതിന് റവന്യു റിക്കവറി നടപടികൾ സ്വീക മറുപടി നൽകിയിട്ടുണ്ട്. പോളിടെക്നിക് ഉടമസ്ഥതയിലുള്ള 150F കെട്ടി തന്നെ ഒടുക്കുന്നതാണെന്നും, 150-1, 150J കെട്ടിടങ്ങൾ വി ഉപയോഗിക്കുന്നതാണെന്നും നികുതി ഒഴിവാക്കേണ്ട ടി കെട്ടിട വരുത്തിയ വേളയിൽ തെറ്റായി നികുതി നിർണ്ണയിച്ചതിനാൽ പ്യൂരിഫി വേളയിൽ തിരുത്തൽ വരുത്തുന്നതാണെന്നും സെക്രട്ടറി അറിയിച്ചിട്ടു

പിഴപലിശ ഉൾപ്പെടെ 1000 രൂപയ്ക്ക് മുകളിൽ കുടിശ്ശികയുള്ള 37 കെ കുടിശ്ശിക ഈടാക്കുന്നതിന് ഓൺലൈൻ ആർ.ആർ നടപടി സ്വീകരി കെട്ടിടങ്ങളുടെ നികുതി കുടിശ്ശിക റവന്യു വകുപ്പ് ഈടാ ഒടുക്കിയിട്ടുണ്ടെന്നും 4 കെട്ടിടത്തിന്റെ ഉടമകൾ തുക ഒടുക്കിയിട്ടു റവന്യു റിക്കവറി നടപടികൾ വില്ലേജ് ഓഫീസ് മുഖാന്തിരം നടന്നു വ മറുപടി നൽകി. പഞ്ചായത്തിന്റെ നിയമപരമായ ചുമതലകളും മൈ നിർവ്വഹിക്കുന്നതിന് തനത് ഫണ്ട് വർദ്ധിപ്പിക്കേണ്ടത് അത്യാവശ്യമാണ ഈടാക്കാൻ അവശേഷിക്കുന്ന തുക പിരിച്ചെടുക്കുന്ന വിഷയത്തി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും പ്രത്യേക ശ്രദ്ധയുണ്ടാകേണ്ടതാ

## 1-16 കെട്ടിട നിർമ്മാണത്തിനുള്ള അപേക്ഷാ ഫീസ് ...

2019-ലെ കേരള പഞ്ചായത്ത് രാജ്/മുൻസിപ്പാലിറ്റി കെട്ടിട നിർമ്മാ സ്വയംഭരണ സ്ഥാപനങ്ങളിൽ കെട്ടിട നിർമ്മാണത്തിനായി നി അപേക്ഷാ ഫീസ്, പെർമിറ്റ് ഫീസ് എന്നിവയുടെ നിരക്ക് സ.ഉ.(കൈ 31.03.2023 പ്രകാരം 10/04/2023 പ്രാബല്യത്തിൽ പുതുക്കി നിശ്ചയിച്ചിരുന്നു

2023-24 സാമ്പത്തിക വർഷത്തെ പെർമിറ്റ് അപേക്ഷ, രജിസ്റ്റർ പ റസിഡൻഷ്യൽ കെട്ടിടത്തിന്റെ നിർമ്മാണത്തിനായുള്ള അപേ ഈടാക്കിയതായി ബോദ്ധ്യപ്പെട്ടു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഉടമസ്ഥന്റെ പേര് | സർവ്വേ/ കെട്ടിട നമ്പർ | തറ വിസ്തീർണ്ണം | ഈടാക്കിയ ഫീസ് (രൂ.) | ഈട ണ്ടിയ ഫീസ |
|---|---|---|---|---|
| ടി.കെ.സുരേഷ് തീയാട്ടു തടത്തിൽ ഹൗസ്, | 138/2-1 147/5 | 125.30 $M^2$ | 300 | 1 |

| | | | | |
|---|---|---|---|---|
| വാലാങ്കര | | | | |
| ലിജു വർഗ്ഗീസ് വടക്കുംതല ഹൗസ്, കവുംങ്ങുംപ്രയാർ | 396/16/7 | 127.02 $M^2$ | 300 | 1( |

അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓാ (നം.16/02.07.2024) മറുപടി ലഭ്യമാക്കിയില്ല. കുറവു വന്ന ത തുടർനടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്

## 1-17 ഭരണസമിതിയോഗം - മിനിട്ട്സ് തയ്യാറാക്കുന്നത സമയപരിധി പാലിക്കുന്നില്ല.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഭരണസമിതി യോഗങ്ങൾ ഓണ ഐ.കെ.എം. വികസിപ്പിച്ച സകർമ്മ ആപ്ലിക്കേഷൻ സ.ഉ.(സാധാ.)363 ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തിൽ വിന്യസിച്ച് ആപ്ലിക്കേഷൻ മുഖേനയുള്ള ഭരണസമിതിയോഗങ്ങളുടെ നടപടിക്ര മിനിട്ട്സ് പൂർത്തീകരിക്കുന്നതിൽ 1995-ലെ കേരള പഞ്ചായത്ത് രാജ് നടപടിക്രമം ചട്ടങ്ങളിലെ) ചട്ടം 26 പ്രകാരമുള്ള സമയപരിധി പാലിക ചട്ടം 26(8) പ്രകാരം യോഗം കഴിഞ്ഞ് മൂന്നുദിവസത്തിനകം സെക്ര പ്രസിഡന്റിന്റെ അംഗീകാരത്തിനായി സമർപ്പിക്കേണ്ടതുണ്ട്. എ( തീയതികളിലെ മിനിട്ട്സ് ഓഡിറ്റ് തീയതിയിലും പൂർത്തീകരിച്ചിട്ടില്ല.

| ക്രമ നമ്പർ | യോഗം നടന്ന തീയതി | യോഗം നമ്പർ |
|---|---|---|
| 1 | 26/02/2024 | 4 |
| 2 | 12/03/2024 | 5 |
| 3 | 25/03/2024 | 7 |
| 4 | 20/03/2024 | 6 |
| 5 | 22/04/2024 | 8 |
| 6 | 24/05/2024 | 10 |

നടപടിക്രമങ്ങളിൽ സുതാര്യതയും വേഗതയും ഉറപ്പാക്കുന്നതിനാണ് ഏർപ്പെടുത്തിയത് എന്നിരിക്കേ യോഗങ്ങളുടെ മിനിട്ട്സ് പൂർത്തിറ കാലതാമസം ഉണ്ടാകുന്നത് ഉചിതമല്ല. ചട്ടപ്രകാരമുള്ള സമയപരിധ തയ്യാറാക്കി അംഗീകാരം വാങ്ങാതിരുന്നതിന് വിശദീകരണം ആവ അന്വേഷണകുറിപ്പിന് (നം.01 തീയതി: 24.06.2024), കരട് മിനിറ്റ്സ് പൂർത്ത അടിയന്തിരമായി യോഗ മിനിട്ട്സ് പൂർത്തീകരിക്കുന്നതാണെന്ന് ഭ ഇത്തരം വീഴ്ചകൾ ഉണ്ടാകാതിരിക്കുന്നതിനായി വിഷ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-18 പഞ്ചായത്തിന് വിട്ടുകിട്ടിയ ആയുർവ്വേദ ഡിസ്‌
## അപകടാവസ്ഥയിൽ

ഗ്രാമപഞ്ചായത്തിലെ ആയുർവ്വേദ ഡിസ്പെൻസറി ഏകദേശം 40 കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. പഞ്ചായത്ത് ഓഫീസിൽ നി( അകലെ മുണ്ടമല എന്ന സ്ഥലത്താണ് ഡിസ്പെൻസറി സ്ഥിതിചെയ്യു 50 - 100 പേർ ദിവസവും ചികിത്സ തേടി എത്തുന്നുണ്ട്. നില( അപകടാവസ്ഥയിലാണ്. 2022-23-ൽ ഈ ആതുരാലയത്തെ ആയുഷ് സെന്റർ ആയി ഉയർത്തിയിരുന്നു. ചോർച്ചയുള്ള പഴയ കെട്ടിടം പൊത്താവുന്ന അവസ്ഥയിലാണ്.

മഴ പെയ്താൽ മുറ്റം വെള്ളംകെട്ടി ചെളിനിറഞ്ഞ് കാല് കുത്താൻ പറ്റാ( മുറിക്കുള്ളിലേക്കും മഴവെള്ളം കയറുന്നുണ്ട്. ഭിത്തികൾ ഈർപ്പ ചുറ്റുപാടും കാടുപിടിച്ച് കിടക്കുന്നു. ജനാലകളും വാതിലുകളും പറ്റാത്തവിധം കേടായ നിലയിലാണ്. മെഡിക്കൽ ഓഫീസറുടെ ക‌ ചോർന്നൊലിക്കുന്ന നിലയിലാണ്. ഇവിടെയിരുന്ന് രോഗികളെ പരി( അവസ്ഥയാണുള്ളത്.





(ആയുർവ്വേദ ഡിസ്പെൻസറി) (കഷായമരുന്ന് മിക്സ് ചെയ്യുന്ന മുറി) മേൽക്കൂരയും ഭിത്തിയും)

**പുതിയ കെട്ടിടം നിർമ്മിച്ചുവെങ്കിലും പ്രവർത്തനം പഴയകെട്ടി**



(പ്രവർത്തനം ആരംഭിക്കാത്ത പുതിയ ആശുപത്രി കെട്ടിടം)

ശോചനീയ അവസ്ഥയിലുള്ള ആയുർവ്വേദ ഡിസ്പെൻസറിയ്ക്ക് 20 നിർമ്മാണം ആരംഭിച്ചിരുന്നു. MLA-യുടെ പ്രാദേശിക വികസന ഫണ്ട വകയിരുത്തിയാണ് കെട്ടിട നിർമ്മാണം ആരംഭിച്ചത്. 24.11.2022- ഉദ്ഘാടനവും കഴിഞ്ഞിരുന്നു. എന്നാൽ നാളിതുവരെ ഈ കെട്ടി പ്രവർത്തനം തുടങ്ങാൻ കഴിഞ്ഞിട്ടില്ല. കെട്ടിടത്തിന്റെ വൈദ്യുതീക പെയിന്റിംഗ്, ചുറ്റുമതിൽ, ഗേറ്റ് എന്നിവ പൂർത്തീകരിക്കാൻ നിലവിൽ ആശുപത്രിയുടെ പ്രവർത്തനം ഇതിലേക്ക് മാറ്റാൻ കഴിയാത്തതെന്നാണ നിന്നും അറിയുവാൻ സാധിച്ചത്. ഗ്രാമപഞ്ചായത്ത് 2022-23-ൽ ഡിസ് സൗകര്യങ്ങൾ ഒരുക്കാൻ 5 ലക്ഷം രൂപ വകയിരുത്തിയിരുന്നെങ്കിലും കഴിഞ്ഞിരുന്നില്ല. കെട്ടിട നിർമ്മാണം പൂർത്തീകരിക്കാൻ 5 ലക്ഷ കരാറുകാരൻ 08.11.2022-ലെ HMC മീറ്റിംഗിൽ അറിയിച്ചിരുന്നു. പുതിയ ആരംഭിക്കേണ്ടതിന് ഇനിയും ഒരുക്കേണ്ട അടിസ്ഥാന സൗകര്യ അതിനായി പ്രോജക്റ്റുകൾ വല്ലതും വിഭാവനം ചെയ്തിട്ടുണ്ടെങ്കിൽ ലഭ്യമാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണ മറുപടി ലഭ്യമാക്കിയിട്ടില്ല.

ലക്ഷങ്ങൾ മുടക്കിയ പുതിയ കെട്ടിടത്തിന് അടിസ്ഥാന സൗകര്യ വിഭാവനം ചെയ്ത് നടപ്പിലാക്കാത്തതുമൂലം പുതിയ കെട്ടിടം അവസ്ഥയിലാണ്. ഗ്രാമപഞ്ചായത്ത് ഭരണ സമിതിയുടെ അടി വിഷയത്തിൽ ഉണ്ടാകേണ്ടതാണ്.

## 1-19 ലൈഫ് ഭവന പദ്ധതി - ഗുണഭോക്താക്കൾ ഭവന പൂർത്തിയാക്കിയില്ല

ലൈഫ് ഭവന പദ്ധതിക്കായി ഓഡിറ്റ് വർഷവും മുൻവർഷങ്ങളിലുമ കരാറിലേർപ്പെട്ട ജനറൽ, എസ്.സി വിഭാഗങ്ങളിൽപ്പെട്ട 11 ഗുണഭ ഭവനനിർമ്മാണം പൂർത്തിയാക്കിയിട്ടില്ല. ഗഡുക്കളായി ധ ഗുണഭോക്താക്കൾ ഭവനനിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളി ഭവനനിർമ്മാണം പൂർത്തിയാക്കുന്നതിന് സ്വീകരിച്ച (

അറിയിക്കേണ്ടതാണെന്ന് കാണിച്ചുകൊണ്ട് നൽകിയ ഓഡിറ്റ് അ
തീയതി 02.07.2024) നിർവ്വഹണ ഉദ്യോഗസ്ഥൻ ലഭ്യമാക്കിയ മ
പ്രകാരമാണ്.

| ക്രമ നമ്പർ | പേര്/വിലാസം | വാർഡ് നം. | കൈപ്പറ്റിയ തുക | വി.ഇ. മറുപ ഗുണ ഭവന നിർമ നില |
|---|---|---|---|---|
| | ലൈഫ് ഭവന പദ്ധതി SCP (S0005/24) | | | |
| 1 | തങ്കമ്മ ചോതി പുള്ളോലിക്കൽ | 12 | 40,000 (അഡ്വാൻസ്) | ടി ആ അഡ്വ. കൈ മണ്ണ ബന്ധ പ്രശ്ന യാര നിർമ നടത്ത |
| 2 | മഞ്ചുമോൾ കെ. മൈലമൂട് പാറയ്ക്കൽ | 11 | 40,000 (അഡ്വാൻസ്) | ടി വ്യ അഡ്വ. കൈ നിരവ ഫോ നോട്ട് അറി നൽക ഭവന ആരം ചെയ്ത |
| | SOO95/24-ലൈഫ് ഭവന പദ്ധതി SCP- SO | | | |
| 3 | ശരണ്യ ഇ.എസ്. ഇടത്തറ (വീട്) വെണ്ണിക്കുളം | 12 | 3 ലക്ഷം (3 ഗഡു) | ടി വ്യ വരെ പൂർത്ത ഗഡു കൈ തുടർ ആരം നേരി മുഖാ അറി |

| | | | | | |
|---|---|---|---|---|---|
| | | | | | നൽക<br>പ്രതി |
| | 4 | മായാ മോൾ കെ. വി.<br>കച്ച്കുഴി മേപ്രത്ത് | 3 | 40,000<br>(അഡ്വാൻസ്) | ടി വ്യ<br>അഡ.<br>കൈ<br>നിരവ<br>ഫോ<br>നോട്ട്<br>അറി<br>നൽക<br>ഭവന<br>ആരം<br>ചെയ്ത് |
| | 5 | ഉമേഷ് കുമാർ സി. ജി.<br>കോയിക്കപ്പറമ്പിൽ | 3 | 40,000<br>(അഡ്വാൻസ്) | ടി വ്യ<br>അഡ.<br>വസ്തു<br>സിവ<br>നില<br>ഭവന<br>നാളി<br>ആരം |
| | 6 | രാജേന്ദ്രൻ ദാമോധരൻ<br>കരോട്ടുപടിഞ്ഞാറേതിൽ | 11 | 3 ലക്ഷം<br>(3 ഗഡു) | ടി വ്യ<br>വരെ<br>പൂർത്ത<br>29.09.2<br>തുക<br>കൈ<br>തുടർ<br>ആരം |
| | 7 | മധു കെ. ആർ.<br>കാഞ്ഞിരത്തുംമൂട്ടിൽ | 12 | 40,000<br>(അഡ്വാൻസ്) | ടി വ്യ<br>അഡ.<br>കൈ<br>ഭവന<br>ആരം<br>സിവ<br>കിടക |
| | 8 | ചിന്ദു പി. സി.<br>പാണ്ടിയാങ്കൽ | 12 | 3,60,000<br>(3 ഗഡു) | ടി വ്യ<br>വരെ<br>പൂർത്ത<br>26.01.2<br>ഗഡു |

| | | | | |
|---|---|---|---|---|
| | | | | കൈ<br>രൂപ)<br>തുടർ<br>ആരം |
| 9 | വിജിത കെ. രാജൻ<br>കരിമ്പനാമുറിയിൽ | 11 | 3 ലക്ഷം<br>(2 ഗഡു) | ടി വ്യ<br>കൈ<br>പിന്ന്<br>എന്ന്<br>തിരി<br>സമി<br>ആയ<br>ഗുണ<br>അറി<br>ചെയ്യു<br>അടി<br>80,000 |
| | SOOO4/24- ലൈഫ് ഭവന പദ്ധതി ജനറൽ- SO | | | |
| 10 | മനോജ് കെ. പി.<br>കിഴക്കേകൊലായിൽ<br>മുണ്ടമല | 11 | 3 ലക്ഷം<br>(3 ഗഡു) | ടി വ്യ<br>വരെ<br>പൂർത<br>08.01.2<br>തുക<br>കൈ<br>തുടർ<br>ആരം |
| 11 | സൂസൻ ശ്രീകുമാർ<br>കൊച്ചുപുരയ്ക്കൽ | 11 | 3 ലക്ഷം<br>(3 ഗഡു) | ടി വ്യ<br>വരെ<br>പൂർത<br>16.12.2<br>തുക<br>കൈ<br>തുടർ<br>ആരം |

ഭരണസമിതിയുടെ സവിശേഷ ശ്രദ്ധ ഈ വിഷയത്തിൽ ക്ഷണിക്കുന്ന
തുടർന്ന് പണി നടത്താത്തവർ പണി പൂർത്തീകരിക്കുന്നതിന് വേണ്ട
ബാക്കി ഗുണഭോക്താക്കളിൽ നാളിതുവരെ ഭവന നിർമ്മാണം ആരംഭ
കൈപ്പറ്റിയ തുക റെവന്യു റിക്കവറി നടപടിയിലൂടെ തിരികെ ഈട
സ്വീകരിക്കാവുന്നതുമാണ്. തുടർ നടപടികൾ ത്വരിതപ്പെടുത
അറിയിക്കേണ്ടതുമാണ്.

## 1-20 മരാമത്ത് പ്രവൃത്തികളുടെ ബില്ലുകളിൽ നിന്നു ബാങ്ക് അക്കൗണ്ടിൽ ശേഷിക്കുന്നു

തനത് ഫണ്ട്/ശുചിത്വ മിഷൻ ഫണ്ട് വകയിരുത്തി നടപ്പിലാക്കിയ റിക്കവറി തുക ഉൾപ്പടെയുള്ള ബിൽ തുക അസിസ്റ്റന്റ് എൻജിനീ അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്തു നൽകുകയാണ് ചെയ്തിരുന്ന കരാറുകാർക്ക് നൽകേണ്ട തുക അക്കൗണ്ടിൽ നിന്നും ചെക്കായി ന ടാക്സ്, ജി.എസ്.റ്റി., നിർമ്മാണ തൊഴിലാളി വിഹിതം എന്നീ ഇനങ്ങ ബാങ്ക് അക്കൗണ്ടിൽ തന്നെ ശേഷിക്കുകയാണ്. അസിസ്റ്റന്റ് എ എസ്.ബി.ഐ. അക്കൗണ്ടിൽ (നം.38458387531) റിക്കവറി ഇനത്തിൽ വിശദാംശം ചുവടെ ചേർക്കുന്നു.

| തീയതി | ബാങ്ക് അക്കൗണ്ടിലേയ്ക്ക് കൈമാറിയ ആകെ തുക | കോൺട്രാക്ടർക്ക് നൽകിയ തുക | അക ശേ റിക്ക തുക |
|---|---|---|---|
| 03.04.21 | 222923 | 211285 | |
| 09.03.22 | 444331 | 430687 | |
| 02.04.22 | 85502 | 83976 | |
| 02.04.22 | 62722 | 61626 | |
| 21.02.23 | 33137 | 32569 | |
| 30.03.24 | - | - | |
| | **ആകെ** | | |

മരാമത്ത് പ്രവൃത്തികളുടെ റിക്കവറി ഇനത്തിൽ ഒടുക്കുവാ ഹെഡിൽ ഒടുക്കുന്നതിനായി 30/03/24-ൽ അസി.എൻജിനീയ കൈമാറുകയും കരാറുകാരന് നൽകുവാനുള്ള തുക ഗ്രാമപഞ്ച നൽകുകയും ചെയ്തിരുന്നു. ഈ തുക ഉൾപ്പടെ റിക്കവറി ഇനത്തിൽ 365 ശേഷിക്കുന്നുണ്ട്. ഈ തുക ബന്ധപ്പെട്ട ഹെഡിൽ തിരികെ ഒടുക്കേണ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-21 ഇ-ടെണ്ടർ ഫീസ് - പഞ്ചായത്ത് ഫണ്ടിലേക്ക് വക

2019-20 മുതൽ 2023-24 വരെയുള്ള കാലയളവിൽ ഇ-ടെണ്ടർ ഫീ എൻജിനീയറുടെ പേരിലുള്ള കറന്റ് അക്കൗണ്ടിൽ (നം. 38458387531) പഞ്ചായത്തിന് തിരികെ ലഭിച്ചിട്ടില്ല.

എൽ.എസ്.ജി.ഡി. ചീഫ് എഞ്ചിനീയർ സർക്കുലർ (നം.ഡി.ബി1/7 അനുസരിച്ച് അസിസ്റ്റന്റ് എൻജിനീയറുടെ പേരിൽ കറന്റ് അക്ക ആരംഭിച്ച ഈ അക്കൗണ്ടിൽ 27/06/24-ലെ നീക്കിയിരിപ്പ് 120148 രൂ റിക്കവറി ഇനത്തിൽ ഒടുക്കുവാൻ അവശേഷിക്കുന്ന തുകയാണ്. ടെണ്ടർ ഫീസ് ഇനത്തിൽ അക്കൗണ്ടിൽ വരവ് വന്ന തുകയാണ്. ഇ പഞ്ചായത്ത് ഫണ്ടിലേക്ക് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്യുന്നതിന് നടപടി സ്വീ

## 1-22 പാട്ടത്തിന് നൽകിയ പഞ്ചായത്ത് വക ഭൂമി അന

സ്വകാര്യ വ്യക്തികൾക്ക് പാട്ടത്തിന് നൽകിയ പഞ്ചായത്ത് വക ‹ അന്യാധീനപ്പെട്ട നിലയിലാണ്. പഞ്ചായത്തിൽ സൂക്ഷിച്ചിട്ടുള്ള പുറ പാട്ട ഭൂമി സംബന്ധിച്ച് മനസ്സിലാക്കുന്നതിന് ലഭ്യമായ ഏക രേഖ. ഈ ആലപ്പുഴ ജില്ലാ കളക്ടറുടെ 19/03/68-ലെ 3765/68 നമ്പർ കത്തിൽ പഞ്ചായ പ്രകാരം റവന്യൂ വകുപ്പിൽ നിന്നും പുറമറ്റം ഗ്രാമപഞ്ചായത്തിന് ലിസ്റ്റ് തിരുവല്ല തഹസീൽദാർ തയ്യാറാക്കിയിട്ടുണ്ടെന്നും ഇത് കൈപ്പറ്റണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ഇതനുസരിച്ച് പുറമറ്റം വി ഗ്രാമപഞ്ചായത്തിന് വിട്ടുനൽകിയ പുറമ്പോക്ക് ഭൂമിയുടെ ലിസ്റ്റു രേഖപ്പെടുത്തിയിട്ടുണ്ട്. രജിസ്റ്റർ പ്രകാരം 324 ഏക്കർ പുറമ്പോക്ക് ഭൂമ കൈമാറിയത്. ഇതിൽ കുത്തകപാട്ടത്തിന് നൽകിയിട്ടുള്ള പുറ പുറമ്പോക്ക്/പഞ്ചായത്ത് റോഡ് പുറമ്പോക്ക്) സംബന്ധിച്ച വിവര നിന്നും 22/07/68-ൽ ഗ്രാമപഞ്ചായത്തിന് കൈമാറിയതായി ക രേഖപ്പെടുത്തിയിട്ടുണ്ട്. രജിസ്റ്ററിൽ വസ്തുവിന്റെ സർവ്വേ നമ്പർ, രേഖപ്പെടുത്തൽ പൂർണ്ണമല്ലാത്തതിനാൽ ഏതെല്ലാം സർവ്വേ നമ്പറുകള് ആകെ പാട്ടത്തിന് നൽകിയിട്ടുള്ളതെന്ന് കൃത്യമായി മനസ്സിലാക്ക രേഖപ്പെടുത്തൽ പ്രകാരം 26 സെന്റ് വരെ ഭൂമി പാട്ടത്തിന് നൽകിയ ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പാട്ടത്തിന് നൽകിയ വ്യക്തിയുടെ പേരും മേൽവിലാസവും | സർവ്വേ നമ്പർ | വസ്തുവി അള (സെ |
|---|---|---|---|
| 1. | മത്തായി ജോൺ, കോളറേത്ത്, തെള്ളിയൂർ | 689/5 | |
| 2. | വർഗ്ഗീസ് തോമസ്, പടിഞ്ഞാറേതിൽ | 833/4 | |
| 3. | മറിയാമ്മ തോമസ്, വാലാങ്കര മുറിയിൽ തോയാട്ട് പുളിക്കൽ | 836/11 | |
| 4. | നീറുവേലിമലയിൽ ശങ്കരപണിക്കർ രാമപണിക്കർ | 834/2 | |
| 5. | കക്കുടിയിൽ മാത്യുസ് കത്തനാർ ജോർജ്ജ് | 619/1 | |

ഇത്തരത്തിൽ 39 പേർക്ക് ഭൂമി കുത്തക പാട്ടത്തിന് രേഖപ്പെടുത്തിയിരിക്കുന്നത്. 1968-ൽ കൈമാറിയ രേഖകൾ പ്രകാരം പാട്ടം നിശ്ചയിച്ചിരുന്നു. കുത്തക പാട്ടം പുതുക്കിയതായോ ത രേഖപ്പെടുത്തൽ ഇല്ല. 1947-ലെ കുത്തകപാട്ട ചട്ടങ്ങൾ പ്രകാരം ഓരോ പാട്ടം പുതുക്കേണ്ടതും അതത് സമയത്തെ കമ്പോള വിലയുടെ അട

